**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4641** **19-03-2025 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നി ആക്രമണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എം. വിൻസെന്റ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാട്ടുപന്നി ആക്രമണംമൂലം മരണം അടക്കമുള്ള സംഭവങ്ങൾ ഉണ്ടാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഗൗരവത്തോടെ കാണുന്നുണ്ട്. |
| (ബി) | വള്ള്യായി അരുണ്ട കിഴക്കയിൽ കർഷകനായ ശ്രീധരന്റെ ദാരുണ മരണം അടക്കം കാട്ടുപന്നി ആക്രമണത്തിൽ നിരവധി പേർ മരിക്കുന്നതും പരിക്കേൽക്കുന്നതുമായ സംഭവങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ കാട്ടുപന്നിയുടെ ആക്രമണം തടയാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) | ജനവാസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെയും സെക്രട്ടറിമാരെയും ഹോണററി വൈൽഡ് ലൈഫ് വാർഡന്മാരായും ഓതറൈസ്ഡ് ഓഫിസർമാരായും ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് (സാധാ) 239/2022/വനം തീയതി 31-05-2022 നമ്പർ ഉത്തരവാകുകയും നിലവിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം അവർക്ക് ഡെലിഗേറ്റ് ചെയ്തുകൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവിന്റെ കാലാവധി 28-05-2024 മുതൽ ഒരു വർഷത്തേക്കും കൂടി ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (കൈ) 09/2024/വനം തീയതി 25-02-2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ് ) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 21-05-2024 ലെ KFDHQ/3331/2021-CWW/WL11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച ഉത്തരവായിട്ടുണ്ട്. നാട്ടിലിറങ്ങി ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനുള്ള ഓണറേറിയം 1,500/- രൂപയായും, ജഡം മറവ് ചെയ്യുന്നതിനുള്ള തുക 2,000/- രൂപയായും GO (Rt) No. 108/2025/DMD തീയതി 06/03/2025 പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നിലവിലെ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി 26/02/2025-ലെ സർക്കാർ ഉത്തരവ് (കൈ) നം. 8/2025/വനം പ്രകാരം സംസ്ഥാനത്തെ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളെ വിവിധോന്മുഖങ്ങളായ 10 പ്രത്യേക യജ്ഞങ്ങളായി തിരിച്ച് ഓരോ യജ്ഞവും വ്യാഖ്യാനിച്ച് ഓരോന്നിനും സംസ്ഥാന / റീജിയണൽ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഇതിൽ ഒരു യജ്ഞം മിഷൻ വൈൽഡ് പിഗ് ആകുന്നു. കാട്ടുപന്നികളുടെ എണ്ണം നിയന്ത്രിക്കുന്നതിനും ജനവാസമേഖലയിലേക്ക് അവ ആകർഷിക്കപ്പെടുന്നത് നിയന്ത്രിക്കുന്നതിനുമുള്ള വിവിധ നടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുമാണ് ഈ യജ്ഞം വഴി ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ